**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **09-10-2024 - ൽ മറുപടിയ്ക്ക്**

**ട്രീ കമ്മിറ്റികളിൽ സാങ്കേതിക പരിജ്ഞാനമുള്ളവരെക്കൂടി അംഗങ്ങളാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട ട്രീ കമ്മിറ്റികളുടെ ഘടനയും കമ്മിറ്റികളിൽ അംഗങ്ങളായി നിശ്ചയിക്കുന്നവരുടെ വിദ്യാഭ്യാസമടക്കമുള്ള യോഗ്യതകളും വിശദമാക്കുമോ; പ്രസ്തുത കമ്മിറ്റിയിൽ ഒരിക്കൽ അംഗമായവർ വർഷങ്ങളോളം അംഗത്വം തുടരുന്നതിന്റെ നിയമസാധുത അറിയിക്കുമോ; | (എ) | 10.02.2010 തീയതിയിലെ സ.ഉ(സാ.ധാ)നം.68/2010/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് ജില്ലാതല ട്രീ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നത്. ഇതിൽ കോർപ്പറേഷൻ മേഖലയിൽ മേയർ/നഗര പ്രദേശങ്ങളിൽ നഗരസഭാ ചെയർ പേഴ്സൺ എന്നിവർ ചെയർമാനും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറും ആയ കമ്മിറ്റിയിൽ വാർഡ് കൗൺസിലർ, ടൗൺ പ്ലാനർ, സർക്കാർ ഇതര സംഘടനാ പ്രതിനിധികൾ എന്നിവർ അംഗങ്ങളുമായിരിക്കും. പഞ്ചായത്ത് പ്രദേശങ്ങളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും,അതാത് ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറുമായ കമ്മിറ്റിയിൽ അതത് പഞ്ചായത്ത് പ്രസിഡന്റുമാരും, സർക്കാർ ഇതര സംഘനടാ പ്രതിനിധികളും അംഗങ്ങളായിരിക്കും.<br><br>ഇതിൽ സർക്കാർ ഇതര സംഘടനാ പ്രതിനിധികളെ പരിസ്ഥിതി സംരക്ഷണ മേഖലകളിൽ തനതായ സംഭാവനകൾ നൽകിയിട്ടുള്ള വ്യക്തികളിൽ നിന്നും അതത് ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ നാമനിർദ്ദേശ പ്രകാരം സോഷ്യൽ ഫോറസ്ട്രി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശ അനുസരിച്ച് സർക്കാർ ഉത്തരവിലൂടെ നിയമിക്കുന്നതാണ്. നിലവിലെ സർക്കാർ ഇതര സംഘടനാ പ്രതിനിധികൾ 07.02.2023 ലെ സ.ഉ(സാധാ)നം.58/2023/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നോമിനേറ്റ് ചെയ്യപ്പെട്ടവരാണ്. മറ്റ് അംഗങ്ങൾ സർക്കാർ ഉദ്യോഗസ്ഥരോ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളോ ആയിരിക്കും. ട്രീ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവുകളിൽ സർക്കാർ ഇതര സംഘടനാ പ്രതിനിധികളുടെ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ആവശ്യാനുസരണം കമ്മിറ്റി പുനഃ സംഘടിപ്പിക്കാവുന്നതാണ്. |
| (ബി) | റോഡരികിൽ അപകടകരമായും കാഴ്ച മറച്ച് നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് പ്രസ്തുത കമ്മിറ്റികൾ അനുവാദം നല്കുമ്പോൾ റോഡുകളുടെ ഗതാഗതത്തിന് അത്യാവശ്യമായ ലാറ്ററൽ ക്ലിയറൻസ് ഉറപ്പുവരുത്താറുണ്ടോ; ആയതിന് റോഡ് ട്രാഫിക്കുമായി ബന്ധപ്പെട്ട സാങ്കേതിക പരിജ്ഞാനമുള്ള അംഗങ്ങൾ ട്രീ കമ്മിറ്റികളിൽ നിലവിലുണ്ടോ; | (ബി) | സാധാരണയായി ട്രീ കമ്മിറ്റി ഫീൽഡ് പരിശോധന നടത്തുന്നത് മരം നിൽക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ്. ഗതാഗത തടസ്സവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പരിശോധന നടത്തുമ്പോൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് ഉണ്ടാകാറുള്ളതിനാൽ അവരുടെ അഭിപ്രായം കൂടി പരിഗണിച്ച് ലാറ്ററൽ ക്ലിയറൻസ് ഉൾപ്പടെ പരിശോധിച്ചാണ് മരം മുറിക്കുന്നതിനുള്ള അനുമതി നൽകിവരുന്നത്. |
| (സി) | അത്തരം സാങ്കേതിക പരിജ്ഞാനമുള്ള പൊതുമരാമത്ത്, നാറ്റ്പാക് ഉദ്യോഗസ്ഥരെ പ്രസ്തുത കമ്മിറ്റികളുടെ ഭാഗമാക്കി ഘടന പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (സി) | സാധാരണയായി ട്രീ കമ്മിറ്റി ഫീൽഡ് പരിശോധന നടത്തുന്നത് മരം നിൽക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ്. ഗതാഗത തടസ്സവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പരിശോധന നടത്തുമ്പോൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് ഉണ്ടാകാറുള്ളതിനാൽ അവരുടെ അഭിപ്രായം കൂടി പരിഗണിച്ച് ലാറ്ററൽ ക്ലിയറൻസ് ഉൾപ്പടെ പരിശോധിച്ചാണ് മരം മുറിക്കുന്നതിനുള്ള അനുമതി നൽകിവരുന്നത്. |
| (ഡി) | മരം മുറിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ മരത്തിന്റെ പ്രായം മാത്രം കണക്കിലെടുക്കാതെ പ്രസ്തുത മരം റോഡിന്റെ ലാറ്ററൽ ക്ലിയറൻസിന് തടസമാകുന്നുണ്ടോയെന്നുകൂടി പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സാധാരണയായി ട്രീ കമ്മിറ്റി ഫീൽഡ് പരിശോധന നടത്തുന്നത് മരം നിൽക്കുന്ന സ്ഥലത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ്. ഗതാഗത തടസ്സവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പരിശോധന നടത്തുമ്പോൾ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്ത് ഉണ്ടാകാറുള്ളതിനാൽ അവരുടെ അഭിപ്രായം കൂടി പരിഗണിച്ച് ലാറ്ററൽ ക്ലിയറൻസ് ഉൾപ്പടെ പരിശോധിച്ചാണ് മരം മുറിക്കുന്നതിനുള്ള അനുമതി നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ